# നെടുമങ്ങാട് ഷീലാ എസ്റ്റേറ്റ് വാച്ചറുടെ മരണം നോട്ടിരട്ടിപ്പുമായി ബന്ധപ്പെട്ട സംഘം പിടിയിൽ

നെടുമങ്ങാട് ഷീലാ എസ്റ്റേറ്റിൽ ആത്മഹത്യചെയ്ത കൊല്ലങ്കാവ് ഷീലാ എസ്റ്റേറ്റിൽ നോട്ടക്കാരനായ സുകുമാരൻ നാടാർ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് 1)ബാലരാമപുരം വില്ലേജിൽ ഓഫീസ് വാർഡിൽ ബാലരാമപുരം പോസ്റ്റ് ഓഫീസിന് പുറക് വശം ഷാജി കോട്ടേജിൽ ഷാഹുൽ ഹമീദ് മകൻ ഷാജഹാൻ Age 31 2) ബാലരാമപുരം വില്ലേജിൽ RC വാർഡിൽതോട്ടുവിളാകത്ത് വീട്ടിൽ RC Street ൽ അസനാര് കണ്ണ് മകൻ അൽ അമീൻ Age 28 3) ബാലരാമപുരം പഞ്ചായത്ത് ഓഫീസിന് സമീപം ചിറത്തല വിളാകം വാണ്ടികാർ സ്റ്റ്ട്രീറ്റിൽ അബ്ദുൾ ഖാദർ മകൻ അമീർ 4)ബാലരാമപുരം പഞ്ചായത്ത് ഓഫീസിന് സമീപം ചിറത്തല വിളാകം വാണ്ടികാർ സ്റ്റ്ട്രീറ്റിൽ സലാഹുദീൻ മകൻ നിഷാദ് Age 28 5) അരുവിക്കര വില്ലേജിൽ ഇരുമ്പ മുറിയിൽ കുറുങ്ങോട് തടത്തരികത്ത് വീട്ടിൽ അബ്ദുൾ മജീദ് മകൻ ഷാജഹാൻ Age .34 എന്നിവരെ നെടുമങ്ങാട് പോലീസ് അറസ്റ്റ് ചെയ്തു.

2016 ഡിസംബർ മാസം 24-ാം തീയതി ബാലരാമപുരത്ത് വച്ച് വസ്തു കച്ചവടത്തിന് അഡ്വാൻസ് കൊടുക്കുന്നതിനായി കൊണ്ട് വന്ന 30 ലക്ഷം രൂപ ഒരു സംഘം പിടിച്ച് പറിച്ച് കൊണ്ടു പോയി എന്ന് ബാലരാമപുരം എസ്.ഐക്ക് കിട്ടിയ പരാതിയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര സി.ഐ യും സംഘവും കേസന്വേഷണം ആരംഭിക്കുകയും അന്വേഷണം പുരോഗമിക്കവേ സംഭവം നടന്നത് ബാലരാമപുരത്ത് വച്ച് അല്ല എന്നും, സംഭവം പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിന് മുൻ വശത്ത് വച്ചാണെന്നും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസന്വേഷണം പോത്തൻകോട് പോലീസിന് കൈമാറുകയും 1-ാം പ്രതിയായ ഉഴമലക്കൽ വില്ലേജിൽ കുളപ്പട മുണ്ടിയോട് സുനിൽ ഭവനിൽ നിന്നും മാറനെല്ലൂർ വില്ലേജിൽ കണ്ടള കാട്ടുവിളയിൽ സോളമൻ വില്ലയിൽ സുകുമാരൻ മകൻ സുനിൽ കുമാർ Age .

37 നേയും ഉഴമലക്കൽ വില്ലേജിൽ പനക്കോട് സ്കൂളിന് സമീപം രതീഷ് ,പൂവാർ സ്വദേശി ജോസഫ് എന്നിവരെ അറസ്റ്റ് ചെയ്തു.

തുടർന്ന് ഈ കേസിലെ വാദികളായ പണം നഷ്ടപ്പെട്ട ഷാജിയും സംഘവും പണം തിരികെ കിട്ടുന്നതിന് വേണ്ടി 1-ാം പ്രതി സുനിലിന്റെ വീട്ടിൽ ചെന്ന് സുനിലിന്റെ മാതാപിതാക്കളെ ഭീഷണിപ്പെടുത്തുകയും സുനിലിന്റെ പിതാവ് സുകുമാരൻ നാടാരെ മർദ്ദിക്കുകയും വീട്ടിൽ നിന്ന് പണം അപഹരിക്കുകയും വൈകുന്നേരത്തിനകത്ത് ബാക്കി തുക കിട്ടിയില്ലെങ്കിൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയതിനെ തുടർന്ന അന്നേ ദിവസം വൈകുന്നേരം ടി സുകുമാരൻ നാടാർ ഷീലാ എസ്റ്റേറ്റിലെ വാച്ച് ഹൗസിൽ തൂങ്ങി മരിക്കുകയും ചെയ്തു. തുടർന്ന് മരണത്തിൽ ദുരൂഹതയുണ്ടെന്ന് മനസിലാക്കി തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി ശ്രീ. അശോക് കുമാർIPS ന്റെ നിർദ്ദേശാനുസരണം നെടുമങ്ങാട് DySP ഇ.എസ്. ബിജുമോനും, ഇൻസ്പെക്ടർ എം. അനിൽകുമാറും,ഷാഡോ പോലീസ് സംഘവും ചേർന്ന് നടത്തിയ അന്വേഷണത്തിലാണ് സംഭവത്തിന്റെ ചുരുളഴിയുന്നതും പ്രതികളെ അറസ്റ്റ് ചെയ്യുന്നതും.

30 ലക്ഷം രൂപ പുതിയ നോട്ട് നൽകുമ്പോൾ 60 ലക്ഷം രൂപയുടെ പഴയ നോട്ട് നൽകാമെന്ന് വാഗ്ദാനം നൽകിയതിനാലാണ് 30 ലക്ഷം രൂപയുമായി ബാലരാമപുരത്ത് നിന്നും ഷാജിയും സംഘവും പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിന് മുന്നിൽ എത്തിയത്. ബാലരാമപുരം പഞ്ചായത്തിലെ മാർക്കറ്റ് ലേലം പിടിച്ചിരിക്കുന്നതിനാൽ പഴയ നോട്ട് കണക്ക കാണിക്കുന്നതിൽ ബുദ്ധിമുട്ടില്ല എന്ന് കരുതിയാണ് സംഘം ഇതിന് തയാറായത്. പോത്തൻകോട് നിന്നും പണവുമായി കടന്ന സുനിൽ സംഘത്തലവന് രൂപ നൽകി ഒളിവിൽ പോകുകയാണ് ചെയ്തത്. ജയിലിലായ സുനിലിനെ കാണാൻ എത്തിയ സംഘാങ്ങളെ രഹസ്യമായി നിരീക്ഷിച്ച പോലീസ്, മുൻപ് നെടുമങ്ങാട് കൊല്ലങ്കാവ് ഭാഗത്തു നിന്നും സമാന രീതിയിൽ 10 ലക്ഷം രൂപയുടെ തട്ടിപ്പ് നടത്തിയ സംഘത്തലവന്റെ നേതൃത്വത്തിലുള്ള ഗൂഢാലോചനയിൽ

നടപ്പിലാക്കിയ ആസൂത്രിത കവർച്ചയാണ് ഇതെന്ന് മനസിലാക്കി. പോലീസിന്റെ അന്വേഷണം തുടരവേയാണ് ആ കേസിലെ വാദിയായ ഷാജി നഷ്ടപ്പെട്ട പണം വീണ്ടെടുക്കുന്നതിന് സുകുമാരൻ നാടാരെ ഭീഷണിപ്പെടുത്തി മർദ്ദിച്ചതും അതിനെ തുടർന്ന് സുകുമാരൻ നാടാർ ആത്മഹത്യചെയ്തത്.

ആത്മഹത്യചെയ്ത കേസുമായി ബന്ധപ്പെട്ട് ഷാജിയെയും സംഘത്തെയും അറസ്റ്റ് ചെയത് ചോദ്യം ചെയ്തതിൽ 30 ലക്ഷം തട്ടിയെടുത്ത സംഘത്തലവനുമായി രഹസ്യധാരണയിലാകുകയും തുടർന്ന് 10 ലക്ഷം രൂപ 09.1.2017 തീയതി ഷീലാ എസ്റ്റേറ്റിലെ സുകുമാരൻ നാടാർ താമസിക്കുന്ന വീടിന്റെ പുറക് വശം വാഴ പുരയിടത്തിൽ കൊണ്ട് വച്ചിട്ട് സുനിൽ ആ പണം ടി സ്ഥലത്ത് വച്ചിട്ടുണ്ട് എന്ന് തെറ്റി ധരിപ്പിച്ച് ഷാജിയെ കൊണ്ട് ആ പണം എടുപ്പിക്കുകയും തുടർന്ന് ഷാജിയേയും കൂട്ടി പുതുകുളങ്ങര സുനിലിന്റെ കൂട്ടുകാരൻ ഒരു പട്ടാളക്കാരന്റെ വീട്ടിൽ നിന്നും കിട്ടിയതായി കാണിച്ച് 5 ലക്ഷം രൂപയും സുകുമാരൻ നാടാർ മരിച്ച ദിവസം സുനിലിന്റെ കണ്ടളയുള്ള ഭാര്യ വീട്ടിൽ നിന്നും കിട്ടിയതായി കാപട്യം നടത്തി 4 ലക്ഷം രൂപയും ഷാജിക്ക് നൽകി. അങ്ങനെ ആകെ 19 ലക്ഷം രൂപ നൽകി കേസിൽ നിന്നും സംഘത്തലവനെ ഒഴിവാക്കാനുള്ള ധാരണയായിരുന്നു എന്ന് പോലീസ് ചോദ്യം ചെയ്തതിൽ ഷാജി സമ്മതിച്ചു. ഷാജി ബാലരാമപുരത്തെ SDPI യുടെ നേതാവും സംഘാംഗമായ ഷാജഹാൻ യൂത്ത് കോൺഗ്രസ് അരുവിക്കര മണ്ഡലം ഭാരവാഹിയുമാണ്.

നോട്ടിരട്ടിപ്പിന് വേണ്ടി നൽകിയ30 ലക്ഷം രൂപയുടെ പുതിയ 2000/- രൂപ നോട്ടുകളുടെ ഉറവിടത്തെക്കുറിച്ചും മറ്റും, കവർച്ച കേസിലെ സംഘത്തലവനേയും സംഘാങ്ങളേയും അറസ്റ്റ് ചെയ്യുന്നതിനുള്ള അന്വേഷണം തുടരുന്നു.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ അശോക് കുമാർ IPS ന്റെ നിർദ്ദേശാനുസരണം നെടുമങ്ങാട് DySP ഇ.എസ്. ബിജുമോന്റേയും, നെയ്യാറ്റിൻകര DySP സുൽഫിക്കറിന്റേയും , നേതൃത്വത്തിൽ നെടുമങ്ങാട് പോലീസ് ഇൻസ്പെക്ടർ എം. അനിൽകുമാർ, നെടുമങ്ങാട് പോലീസ്

സബ് ഇൻസ്പെക്ടർ ഡി.ഷിബുകുമാർ, ഷാഡോ പോലീസ് ASI . ആർ. ജയൻ, ഷാഡോ പോലീസ് ടീം അംഗങ്ങളായ ഷിബു. സുനിൽ ലാൽ, സുനിൽ, നെവിൽരാജ്, നെടുമങ്ങാട് പോലീസ് ASI അൻസാരി, ഷാജി, സനിൽ എന്നവരാണ് അന്വേഷണ സംഘത്തിലുള്ളത്.